# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ തോമ്മാശ്ലീഹ



'ഞാനാകുന്നു വഴിയും സത്യവും ജീവനും. ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ പക്കലെത്തുന്നില്ല.' വിശുദ്ധ യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ 3 മുതൽ 6 വരെ വാക്യങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്ന അതിവിശിഷ്ടവും ശ്രദ്ധേയവുമായ ഈ തിരുവചനത്തിന് ആധാരമായ സംശയം ഉന്നയിച്ചത് പന്ത്രണ്ട് ശ്ലീഹന്മാരിലൊരുവനായ വിശുദ്ധ തോമ്മായാണ്. 'ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കുവാൻ പോവുകയാണ്. ഞാൻ പോകുന്ന വഴി നിങ്ങൾക്കറിയാം'. ശ്ലീഹന്മാരെ നോക്കി ഈ വാക്കുകൾ ദിവ്യരക്ഷകൻ പറഞ്ഞപ്പോൾ ഈശോയുടെ ഈ സന്ദേശത്തിന്റെ അർത്ഥം മനസ്സിലാകാതിരുന്ന വി. തോമ്മാശ്ലീഹാ ഈശോയോട് പറഞ്ഞു. കർത്താവേ, അങ്ങ് എവിടേക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴിയറിയുന്നത് എങ്ങനെ ? എന്ന്.

ഈശോയോട് അതിരറ്റ സ്നേഹവും ഭക്തിയും ബഹുമാനവും അദ്ദേഹത്തിനുണ്ടെങ്കിലും അദ്ദേഹത്തിനുണ്ടായ സംശയം തീർക്കുന്നതിന് ഒട്ടും കൂസലില്ലാതെ അത്യന്തം സ്നേഹത്തോടെ നാഥനോട് ചോദിച്ച് സംശയനിവർത്തി വരുത്തുന്നതിനുള്ള അസാമാന്യമായ കഴിവ് അദ്ദേഹം പ്രകടിപ്പിക്കുകയായിരുന്നു. ഈശോയുടെ ശിഷ്യഗണത്തിൽ ചേർന്നവരധികവും സാധാരണക്കാരും മീൻപിടുത്തക്കാരുമായിരുന്നു. പാണ്ഡിത്യത്തേക്കാൾ ആത്മാർത്ഥതയും സ്നേഹവും ഉള്ളവരെയാണ് ശിഷ്യഗണത്തിലും പ്രത്യേകിച്ച് ശ്ലീഹന്മാരിലും നമുക്ക് കാണുവാൻ സാധിക്കുക. ഈശോയോടൊത്ത് ചുറ്റിസഞ്ചരിച്ച് തന്റെ പ്രബോധനങ്ങളും വിശിഷ്ടമായ ജീവിതരീതിയും ഗ്രഹിച്ച് ഇവർ ക്രമേണ പാണ്ഡിത്യത്തിന്റെ പടവുകൾ കയറിക്കൊണ്ടിരുന്നു. അവരിലെ വിജ്ഞാന ഭണ്ഡാകാരം ബഹിർഗമിക്കുവാൻ ആരംഭിച്ചത് ഈശോയുടെ മരണ ഉത്ഥാനങ്ങൾക്കു ശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടുകൂടിയായിരുന്നു എന്നു മാത്രം.

പരിശുദ്ധാരൂപി പ്രാവിന്റെ രൂപത്തിലും തീനാവുകളുടെ സാദൃശ്യത്തിലും ശ്ലീഹന്മാരിൽ വസിച്ച് അവരെ വിജ്ഞാനികളും പ്രബോധകരുമായി രൂപാന്തരപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ ആഗമനംവരെ പേടിച്ചുവിറച്ചു കഴിഞ്ഞുകൂടിയിരുന്ന ശ്ലീഹന്മാരിൽ പന്തക്കുസ്താദിനത്തിൽ ദൃശ്യമായ വ്യതിയാനം വിസ്മയകരമായിരുന്നു. അവരുടെ ഭയം പോയിമറഞ്ഞു. ലോകത്തിന്റെ ഏതു കോണിലും എത്തിച്ചേർന്ന് സുവിശേഷം പ്രസംഗിക്കുവാനും ക്രിസ്തുവിലേയ്ക്ക് അഥവാ സത്യദൈവവിശ്വാസത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും ശ്ലീഹന്മാർ വെറുംകൈയ്യോടെ ഇറങ്ങിപ്പുറപ്പെടുകയായിരുന്നു. തികച്ചും, വഴി

തീർത്തും അപരിചിതമായ ഭാരതഭൂവിലേയ്ക്ക് സുവിശേഷവേലയ്ക്കായി യാത്ര തിരിച്ചത് ശ്ലീഹന്മാരിലെ ഏറ്റം ധൈര്യവാനായിരുന്ന തോമ്മാശ്ലീഹായാണ്.

അനേകം മതവിഭാഗങ്ങളുടെ ശക്തികേന്ദ്രമായ ഭാരതഭൂവിൽ ക്രിസ്തുമതത്തിന് ശക്തമായ അടിത്തറ പാകുവാൻ തോമ്മാശ്ലീഹായ്ക്ക് സാധിച്ചുവെങ്കിലും അദ്ദേഹത്തിന്റെ കാലശേഷം ക്രിസ്തു അനുയായികളുടെ അനവധാനതകൊണ്ടോ മറ്റു മതങ്ങളുടെ അതിപ്രസരംകൊണ്ടോ, ഏതായാലും ഇന്നും വെറും രണ്ടു ശതമാനത്തിൽ മാത്രം ഇതു നിലയുറപ്പിച്ചിരിക്കുകയാണ്. ഇത് തോമ്മാശ്ലീഹായുടെ പിൻഗാമികളെന്നുള്ള പാരമ്പര്യ വിശ്വാസത്തിൽ അഭിമാനിക്കുന്ന നമുക്കു ഭൂഷണമല്ല. എ.ഡി. 52 ൽ ഈ ഭാരതമണ്ണിൽ കാലുകുത്തി ഇവിടെ വിശ്വാസദീപം തെളിച്ച തോമ്മാശ്ലീഹായെ കൂടുതൽ മനസ്സിലാക്കേണ്ടത് മാർത്തോമ്മാക്രിസ്ത്യാനികളായ നമ്മുടെ കടമയാണ്.

## ജന്മനാട്

ഈശോയുടെ പന്ത്രണ്ട് ശിഷ്യരിൽ ഒരുവനായിരുന്ന തോമ്മാശ്ലീഹാ യൂദയാ രാജ്യത്ത് ഗലീലാ എന്ന ദേശത്ത് ജാതനായി. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ യൂദ വംശജരും ഏറ്റം പാവപ്പെട്ടവരുമായിരുന്നു നിർദ്ധനരായിരുന്ന മാതാപിതാക്കൾ കൂലിപ്പണിയിൽനിന്നു കിട്ടുന്ന പരിമിതമായ വരുമാനംകൊണ്ട് കുടുംബം പുലർത്തിപ്പോന്നിരുന്നു. സാമ്പത്തികസുസ്ഥിതി കുടുംബത്തിനില്ലായിരുന്നെങ്കിലും സമാധാനവും സന്തോഷവും സഹവർത്തിത്വവും ദൈവികചിന്തയും ചെറുകുടുംബത്തിൽ കളിയാടിയിരുന്നു. തങ്ങൾ വിദ്യാസമ്പന്നരല്ലെങ്കിലും മക്കൾ വിദ്യാഹീനരാകരുതെന്ന് ആ ദമ്പതികൾക്ക് നിഷ്ഠയുണ്ടായിരുന്നു. തന്മൂലം തോമാശ്ലീഹായെ ചെറുപ്പത്തിൽത്തന്നെ വിദ്യ അഭ്യസിപ്പിക്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. അതുപോലെ, മാതാപിതാക്കളുടെ ജീവിതമാതൃകയും പ്രേരണയും മൂലം തോമ്മാ സൽസ്വഭാവിയും ദൈവഭക്തനും , സത്യസന്ധനുമായി വളർന്നുവന്നു. തോമ്മാശ്ലീഹിയെ വിശുദ്ധഗ്രന്ഥത്തിൽ 'ദിദിമൂസ്' എന്നും 'തോമാ' എന്നുമുള്ള പേരിലും നമ്മുക്ക് കാണുവാൻ സാധിക്കും. ഇരട്ടപിറന്നവൻ എന്നൊരർത്ഥം ഈ പേരിനുണ്ടെങ്കിലും തോമ്മാശ്ലീഹാ ഇരട്ടയിലൊരുവനാണ് എന്നു ഖണ്ഡിതമായി പറയുവാൻ ചരിത്രകാരന്മാർ തയ്യാറായിട്ടില്ല.

തോമ്മാശ്ലീഹാ ചെറുപ്പകാലത്തുതന്നെ സാമാന്യ വിദ്യാഭ്യാസമൊക്കെ നിർവ്വഹിച്ചശേഷം യൗവ്വനത്തിൽ തന്റെ പിതാവിനോടൊത്ത് ജോലികാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് തയ്യാറായി. നന്നായി ജോലിചെയ്ത് വിയർപ്പുചിന്തി കൂലി സമ്പാദിച്ച് കുടുംബം പുലർത്താൻ അദ്ദേഹം അനുദിനം ശ്രദ്ധിച്ചിരുന്നു. ജനാസറത്തു തടാകത്തിലും സമീപത്തുള്ള മറ്റു ജലാശയങ്ങളിലും കൂട്ടുകാരോടൊന്നിച്ച് അദ്ദേഹം മത്സ്യബന്ധനം നടത്തിവന്നിരുന്നു. ഇക്കാലയളവിലാണ് ഈശോ പരസ്യജീവിതം ആരംഭിച്ചത്. ഈശോയുടെ നിരവധി പ്രസംഗങ്ങൾ ശ്രവിച്ച തോമ്മാ ഈശോയോട് വളരെവേഗം അടുത്തുകൊണ്ടിരുന്നു. മണിക്കൂറുകൾ പിന്നിട്ട് മൈലുകൾ സഞ്ചരിച്ച് ദിവ്യരക്ഷകന്റെ പ്രസംഗം അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഈശോയുടെ പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും ആകൃഷ്ടനായ തോമ്മാ തന്റെ സകലതും ഉപേക്ഷിച്ച് ഈശോയെ അനുഗമിക്കുവാൻ തീരുമാനിച്ചു.

## ശിഷ്യഗണത്തിൽ

ദിവ്യനാഥനെ സർവ്വവുമായി അംഗീകരിച്ച് ഹൃദയപൂർവ്വം സ്നേഹിച്ച് വിശ്വസ്തതാപൂർവ്വം സേവനംചെയ്തു ജീവിച്ച തോമ്മായുടെ ഹൃദയനൈർമ്മല്യവും ആത്മാർത്ഥതയും ശരിക്കും മനസ്സിലാക്കിയ ദിവ്യനാഥൻ, ശ്ലീഹന്മാരിൽ ഏതാനും ചുരുക്കംപേരെ പോലെ തോമ്മാശ്ലീഹായേയും ശിഷ്യസമൂഹത്തിൽ ഒന്നാം നിരയിൽ തന്നെ ഉൾപ്പെടുത്തി പരിഗണിച്ചിരുന്നു. ദിവ്യഗുരുവിനോടൊപ്പം ഏതു ത്യാഗവും അനുഷ്ഠിക്കുന്നതിനും ബുദ്ദിമുട്ടുകളോ മരണം തന്നെയോ അനുഭവിക്കുന്നതിനും പൂർണ്ണമനസ്സോടുകൂടിയാണ് അദ്ദേഹം ഈ രംഗത്തേയ്ക്ക് പരപ്രേരണ കൂടാതെ സസന്തോഷം കടന്നുവന്നത്.

## വി. ഗ്രന്ഥത്തിൽ

അദ്ദേഹത്തിന്റെ ആ ഉറച്ച വിശ്വാസവും ആത്മാർത്ഥതയും ധൈര്യവും അദ്ദേഹത്തിന്റെ മരണംവരെ നിലനിന്നിരുന്നു എന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ ധൈര്യവും ആത്മാർത്ഥതയും ഗുരുവിനോടുള്ള സ്നേഹവും പ്രസ്പഷ്ടമാക്കുന്ന ചില സംഭവങ്ങൾ വി. ഗ്രന്ഥത്തിൽ നമുക്കു കാണുവാൻ സാധിക്കും. ദിവ്യനാഥൻ അത്യധികം സ്നേഹിച്ചിരുന്ന ലാസർ മരിച്ചു എന്നറിഞ്ഞ ഉടനെ യൂദയായിൽ ലാസറിന്റെ ഭവനത്തിലെത്തി അദ്ദേഹത്തിന് പുതുജീവൻ മൽകണമെന്ന് ഈശോ

നിശ്ചയിച്ചു. ഈ വിവരം ഈശോ അവിടുത്തെ ശിഷ്യന്മാരെ യഥാവസരം അറിയിച്ചു. എന്നാൽ, യൂദയാ ദേശത്തേക്കുള്ള യാത്ര അപകടം നിറഞ്ഞതാണെന്നും നാഥനെ എങ്ങനെയും നിഗ്രഹിക്കുവാൻ തക്കം പാർത്തിരിക്കുന്ന ഒരു വിഭാഗത്തിന്റെ കൈകളിൽ അകപ്പെടാതിരിക്കണമെന്നും ശ്ലീഹാരിൽ ഒരു വിഭാഗം അഭിപ്രായപ്പെടുകയായിരുന്നു. എന്നാൽ, തോമ്മാശ്ലീഹായുടെ സുദൃഢമായ അഭിപ്രായം മറിച്ചായിരുന്നു. എങ്ങനെയും ലാസറിന്റെ കബറിടത്തിൽ എത്തിച്ചേരുവാൻ നാഥന് കൂട്ടായി എല്ലാവരും പോകണമെന്ന് അഭിപ്രായപ്പെട്ട് അദ്ദേഹം മറ്റു ശിഷ്യാരെ ധൈര്യപ്പെടുത്തുകയും 'വരുവിൻ, നമുക്കും ദിവ്യനാഥനോടൊപ്പം പോയി മരിക്കാം' എന്ന് പറയുകയുമായിരുന്നു. തോമ്മാശ്ലീഹായുടെ ധൈര്യവും പ്രേരണയും മറ്റു ശ്ലീഹാർക്ക് യാത്രയ്ക്കു പ്രചോദനമായി. വിശുദ്ധഗ്രന്ഥത്തിലുള്ള മറ്റൊരു പരാമർശമാണ് അന്ത്യ അത്താഴ വേളയിലെ ദിവ്യനാഥന്റെ പ്രഭാഷണത്തിലെ ഒരു പരാമർശത്തിന്റെ സാരാംശം മനസ്സിലാക്കാതെ തോമ്മാശ്ലീഹ ചോദിച്ചു. 'ഗുരോ, അവിടുന്ന് എവിടെ പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും' എന്നത്. അതിന് ഈശോ നൽകിയ വിശദീകരണം തോമ്മാശ്ലീഹയ്ക്കും മറ്റു ശിഷ്യാർക്കും ലോകത്തിനു തന്നെയും വ്യക്തമായി മനസ്സിലാകുന്ന രീതിയിലായിരുന്നു എന്നത് വ്യക്തമാണ്.

## തോമ്മാശ്ലീഹാ അവിശ്വാസിയോ ?

വിശുദ്ധ ഗ്രന്ഥത്തിൽ തോമ്മാശ്ലീഹായെപ്പറ്റി പരാമർശമുള്ള മൂന്നാമത്തെ സംഭവം നടന്നത് ദിവ്യനാഥന്റെ പീഡാസഹനവും കുരിശുമരണവും ഉയിർപ്പും കഴിഞ്ഞുള്ള ദിവസങ്ങളിലായിരുന്നു. ഈശോ അനുഭവിച്ച അതിദാരുണമായ പാടുപീഡകളും കുരിശുമരണവുമെല്ലാം നേരിൽക്കണ്ടു ഭയന്നുവിറച്ച് ഭയാശങ്കയിൽ ശ്ലീഹന്മാർ ഒളിഞ്ഞുകഴിഞ്ഞിരുന്ന കാലം. ദിവ്യരക്ഷകൻ മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്തു എന്ന വാർത്ത പ്രചരിച്ചിരിക്കുന്ന ദിനങ്ങൾ മുറിക്കുള്ളിൽ പേടിച്ചു കഴിഞ്ഞു കൂടിയിരുന്ന കാലം. ശിഷ്യന്മാർ കതകടച്ചു ഇരുന്നിരുന്ന അവസരത്തിൽ മുറിക്കുള്ളിൽ ഈശോ പ്രത്യക്ഷപ്പെട്ട് അവർക്ക് സമാധാനം ആശംസിച്ചു. തേജസ്സോടുകൂടി ദിവ്യരക്ഷകൻ പ്രത്യക്ഷപ്പെട്ടപ്പോൾ ആദ്യം അവർ ഭയപ്പെട്ടെങ്കിലും സമാധാനത്തിന്റേതായ സന്ദേശം. അതെ. ആ മധുരസ്വരം ശ്രവിച്ച മാത്രയിൽ അവരെല്ലാവരും ധൈര്യശാലികളായി. നാഥന്റെ പുനരുത്ഥാനം അവർക്ക് നേരിൽ മനസ്സിലാക്കുവാൻ അവസരം ലഭിച്ചതിൽ അവരെല്ലാവരും അതീവ ചാരിതാർത്ഥ്യമുള്ളവരായി.

ഈശോയുടെ കുരിശുമരണം ശിഷ്യരിൽ ഉളവാക്കിയ ആഘാതത്തിന്റയും നിരാശയുടേയുമെല്ലാം മ്ലാനത മാറി അവർ ഉല്ലാസവാൻമാരും പ്രത്യാശയുള്ളവരുമായിത്തീർന്നു. ഈ മഹാസംഭവം നടക്കുന്ന അവസരത്തിൽ സന്ദർഭവശാൽ തോമ്മാശ്ലീഹാ മുറിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം എവിടെപ്പോയിരുന്നു എന്ന് വിശുദ്ധ ഗ്രന്ഥത്തിൽ പരാമർശിക്കുന്നില്ല. എങ്കിലും ഒരു വസ്തുത നമുക്ക് ഊഹിക്കുവാൻ സാധിക്കും. ഈ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ, ദിവ്യനാഥൻ വിട്ടുപിരിഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ ശത്രുക്കളെ ഏറ്റവുമധികം ഭയപ്പെടേണ്ട ഈ സന്ദർഭത്തിൽ ഒറ്റയ്ക്കു പുറത്തിറങ്ങി നടക്കുവാൻ തക്ക ധൈര്യം മറ്റേതു ശിഷ്യരേക്കാളും തോമ്മാശ്ലീഹായ്ക്കുണ്ടായിരുന്നു എന്നത്. തോമ്മാശ്ലീഹാ തിരിച്ചുവന്ന അവസരത്തിൽ മറ്റു ശിഷ്യന്മാർ, ഉത്ഥിതനായ ഈശോ മുറിയിൽ പ്രത്യക്ഷപ്പെടുകയും അവരുമായി സംസാരിക്കുകയും ചെയ്തു വിവരം തോമ്മാശ്ലീഹായോടു പറഞ്ഞു. അദ്ദേഹം ഇല്ലാതിരുന്ന അവസരത്തിൽ ഈശോ വന്നതുകൊണ്ട് നാഥനെ കാണാൻ സാധിച്ചില്ലെന്ന അതീവദുഃഖം അദ്ദേഹത്തിനു സഹിക്കുവാൻ സാധിച്ചില്ല.

തോമ്മാശ്ലീഹായ്ക്കു സാധിക്കാത്ത കാര്യം തങ്ങൾക്കു സാധിച്ചു എന്ന ധ്വനിയിലുള്ള മറ്റു ശിഷ്യന്മാരുടെ അവകാശവാദം അദ്ദേഹത്തെ ശുണ്ഠി പിടിപ്പിച്ചതാകാം. അതുമല്ലെങ്കിൽ തന്നെ ഒന്നു പരീക്ഷിക്കുവാൻ അവർ പറഞ്ഞ നുണയാകാം എന്നു ചിന്തിച്ചിട്ടാകാം, 'എന്റെ ഗുരുവിനെ ഞാൻ കാണുകയും അദ്ദേഹത്തിന്റെ ശരീരത്തിലെ ആണിപ്പഴുതുകളിൽ സ്പർശിക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല' എന്ന് അദ്ദേഹം തീർത്തുപറഞ്ഞു. ഈശോ പ്രത്യക്ഷപ്പെട്ടു എന്നു ബോധ്യപ്പെടുത്തുവാൻ അവൻ വളരെ പണിപ്പെടുകയും, പീഡാസഹനത്തിന്റെ സ്മരണയായി കൈകളിലും കാലുകളിലുമുള്ള ആണിപ്പഴുതും തിരുവിലാവിൽ അവസാനതുള്ളിരക്തംപോലും വാർന്നുപോയ കുന്തംകൊണ്ടുള്ള കുത്തേറ്റുണ്ടായ മുറിവും ഉണങ്ങാതുള്ള അവസ്ഥപോലും തോമ്മാശ്ലീഹായെ അവർ പറഞ്ഞു മനസ്സിലാക്കാൻ ആദ്യം ശ്രമിച്ചതിൽനിന്നാകാം ഇപ്രകാരമൊരു മറുപടി അദ്ദേഹത്തിൽ നിന്നുമുണ്ടായത്.

ഈശോമിശിഹാ അവിടുത്തെ ഈ പ്രിയശിഷ്യന്റെ അഭിപ്രായം മനസ്സിലാക്കി അടുത്തൊരുദിവസം

തോമ്മാശ്ലീഹാകൂടി മുറിയിലുണ്ടായിരുന്ന അവസരത്തിൽ ശ്ലീഹന്മാരുടെ മദ്ധ്യത്തിൽ പ്രത്യക്ഷനായി 'നിങ്ങൾക്കു സമാധാനം' എന്ന സന്ദേശം നൽകി. ഈശോയെ കണ്ടമാത്രയിൽ തോമ്മാശ്ലീഹാ അത്ഭുതപരതന്ത്രനായി ആനന്ദസാഗരത്തിൽ ആറാടി. സമാധാനം ആശംസിച്ചതിനെ തുടർന്ന് ഈശോ തോമ്മാശ്ലീഹായെ നോക്കി കൈകൾ നീട്ടി കാണിച്ചുകൊണ്ടു പറഞ്ഞു. 'തോമ്മാ ഇവിടെ വരിക, എന്റെ കൈകളിലെ ആണിപ്പഴുതുകൾ സ്പർശിക്കുക. എന്റെ വിലാവിലെ മുറിവിൽ നിന്റെ വിരൽ ഇടുക. അവിശ്വാസിയാകാതെ വിശ്വാസിയാവുക' എന്ന്. ഒരു ദുർബലനിമിഷത്തിൽ തോമ്മാശ്ലീഹാ അവിശ്വാസിയുടെ ഭാഷയിൽ സംസാരിച്ചുവെങ്കിലും ഈശോയെകണ്ടമാത്രയിൽ അദ്ദേഹം ഉത്ഥിതനായ ഈശോയിൽ പൂർണ്ണമായി വിശ്വസിച്ചിരുന്നു. ഈശോയുടെ ദിവ്യവചസ്സുകൾക്ക് മറുപടിയെന്നോണം തോമ്മാശ്ലീഹാ പ്രതിവചിച്ചത് ഇപ്രകാരമാണ്. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന്. ഈശോയുടെ വാക്കുകേട്ട് തോമ്മാശ്ലീഹാ അത്യധികം വേദനിച്ചു. തന്റെ എല്ലാമായ ദിവ്യഗുരുവിനെ അവിശ്വസിച്ച് താൻ നടത്തിയ പരാമർശത്തിൽ അദ്ദേഹം മനംനൊന്തു വിലപിച്ചു. ആത്മാർത്ഥതയും സ്നേഹവുമുള്ള ഈ അരുമശിഷ്യന്റെ പരാമർശത്തിൽ സ്നേഹനിധിയായ ഗുരുവിന് അദ്ദേഹത്തോട് ഒട്ടും നീരസമോ പരിഗണനക്കുറവോ തോന്നിയില്ല. തന്നെ ഒറ്റിക്കൊടുത്ത യൂദാസിനോടു ക്ഷമിക്കുകയും മൂന്നു പ്രാവശ്യം ഈശോയെ തള്ളിപ്പറഞ്ഞ പത്രോസിന് പരമാധികാരം നൽകുകയും ചെയ്തു നാഥൻ തോമ്മാശ്ലീഹായോടു കൂടുതൽ സ്നേഹം ഉറപ്പിക്കുകയാണ് ചെയ്തത്. തോമ്മാശ്ലീഹായുടെ പ്രത്യുത്തരം, എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന ചുരുങ്ങിയ വാക്കുകളിലായിരുന്നെങ്കിലും അത് വളരെ വിപുലമായ ആശയാവിഷ്കാരവും വിശ്വാസപ്രഘോഷണവും ആയിരുന്നു. അത് ഈശോയുടെ മനുഷ്യത്വവും ദൈവത്വവും പരമാധികാരവും പ്രഖ്യാപിക്കുന്ന ഒരു പ്രസ്താവനയായിരുന്നു. ക്രിസ്തുവിന്റെ രാജത്വം വിളംബരം ചെയ്യുന്നതിന് ഇതിലും വലിയ പരാമർശങ്ങൾ നമുക്ക് ഇതുപോലെയുള്ള ചുരുങ്ങിയ വാക്കുകളിൽ കണ്ടെത്താനാവുമോ എന്ന് സന്ദേഹമാണ്. അദ്ദേഹത്തിന്റെ അർത്ഥവത്തായ ഈ വാക്കുകൾ നാം ശ്രദ്ധിച്ചാൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യവും ഈശോയോടുള്ള സ്നേഹവും നമുക്ക് ഗ്രഹിക്കുവാൻ പ്രയാസമില്ല.

തോമ്മാശ്ലീഹായുടെ ഉത്തരം കേട്ട് സ്നേഹപൂർവ്വം പുഞ്ചിരിച്ചുകൊണ്ട് ഈശോ പറഞ്ഞു. 'തോമ്മാ, നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ അനുഗ്രഹീതരാകുന്നു'. ഈശോയുടെ ഈ തിരുവചനം ലോകാവസാനം വരെ തന്നിൽ വിശ്വസിക്കുന്നതിന് ജനസമൂഹത്തിന് പ്രചോദനമേകുന്ന ഒന്നാണ്. തോമ്മാശ്ലീഹായോടു പറഞ്ഞ ഈ വചസുകൾ, ഈശോയെ നേരിൽ കാണാൻ സാധിക്കാത്ത എല്ലാ ജനവിഭാഗങ്ങളെയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. മേൽപ്രസ്താവിച്ച സംഭവത്തോടുകൂടി ഇതുവരെയുള്ള രണ്ടു പേരുടെയും സ്നേഹത്തിനും പരസ്പരവിശ്വാസത്തിനും മാറ്റു വർദ്ധിച്ചു എന്നുതന്നെ പറയാം. ഈശോയുടെ യഥാർത്ഥ അനുയായിയായ തോമ്മാശ്ലീഹാ ഗുരുവിന്റെ പ്രബോധനങ്ങൾ പ്രാവർത്തികമാക്കുവാൻ യത്നിച്ചുകൊണ്ട് ഏതാനും നാൾ ജറുസലേമിൽ താമസിച്ചു. യേശുനാഥൻ തന്റെ തിരുവുത്ഥാനത്തിന്റെ നാല്പതാംദിവസത്തിൽ സ്വർഗ്ഗാരോഹണംചെയ്തു അവസരത്തിൽ ആയതിനു സാക്ഷിയാകുവാൻ ഒലിവുമലയിൽ സന്നിഹിതരായിരുന്ന മറ്റു ശ്ലീഹന്മാരോടൊപ്പം തോമ്മാശ്ലീഹായും ഉണ്ടായിരുന്നു. തന്മൂലം ദിവ്യഗുരുവിന്റെ അന്ത്യോപദേശങ്ങൾ ശ്രവിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. ശിഷ്യന്മാരെ അനുഗ്രഹിക്കുകയും പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും സുവിശേഷ പ്രചരണത്തിന് വാഗ്ദാനം ചെയ്യുകയും ചെയ്ത് സുവിശേഷ പ്രചരണത്തിന് പ്രബുദ്ധരാക്കിയ ശേഷം ഈശോ സ്വർഗ്ഗാരോഹണം ചെയ്തു,

## പരിശുദ്ധാത്മാവ്

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യസമൂഹം ഭാവിപരിപാടികൾ, സുവിശേഷവേല ഇവയെപ്പറ്റി ചിന്തിച്ച് ജറുസലേമിൽ ദിവസങ്ങൾ എണ്ണിക്കഴിഞ്ഞിരുന്നു. പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ച് അസ്വസ്ഥരായി കഴിഞ്ഞിരുന്ന ശിഷ്യന്മാരെ അത്ഭുതപ്പെടുത്തുമാറ് പരിശുദ്ധാത്മാവ് അവരിൽ ആവസിക്കുകയും തന്മൂലം അവർ ഓരോരുത്തരും പവിത്രീകൃതരും അതോടൊപ്പം കൂടുതൽ വിജ്ഞാനികളും വിവേകികളുമായി മാറുകയും ചെയ്തു. സ്വതേ പാവപ്പെട്ടവരും നിരക്ഷരരുമായിരുന്ന ശിഷ്യർ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ വിജ്ഞാനികളും വാചാലരുമായി മാറിക്കഴിഞ്ഞിരുന്നു. സ്വന്തം ഭാഷപോലും നന്നായി കൈകാര്യം ചെയ്യാൻ കഴിവില്ലാതിരുന്ന അവർ വിവിധ ഭാഷകളിൽ അവഗാഹമുള്ളവരും ഒന്നാംതരം പ്രഭാഷകരും അത്ഭുതപ്രവർത്തകരുമായി തീർന്നു. ഭയം മൂലം രഹസ്യസങ്കേതങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന ശിഷ്യൻമാർ ധൈര്യശാലികളായി പുറത്തുവന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനംവഴി സുവിശേഷവേലയ്ക്ക് പൂർണ്ണമായും അർപ്പിക്കപ്പെട്ട ശിഷ്യഗണം ജറുസലം,യൂദയാ മുതലായ സമീപപ്രദേശങ്ങളിൽ നിരന്തരം മതപ്രചാരണം നടത്തി നിരവധി ജനങ്ങളെ സത്യവേലയ്ക്ക് ആനയിച്ചു. എങ്കിലും ഒരു ക്രമീകൃതപരിപാടിയിൽ ലോകമാസകലം സുവിശേഷപ്രചാരണം നടത്തി. യേശുവിന്റെ പ്രബോധനങ്ങൾ ജനങ്ങളിലെത്തിക്കണമെന്ന് ശ്ലീഹന്മാർ തീരുമാനിച്ചുറപ്പിച്ചു. ശ്ലീഹന്മാരെല്ലാരും പരിശുദ്ധ കന്യകാമറിയത്തിന്റെ നേതൃത്ത്വത്തിൽ സമ്മേളിച്ച് ലോകത്തിന്റെ വിവിധഭാഗങ്ങളിലായി ഓരോ രാജ്യത്തും സുവിശേഷവേലയ്ക്ക് പോകേണ്ടവരെ നിശ്ചയിച്ചു. അങ്ങനെ വി. തോമ്മാശ്ലീഹായ്ക്ക് ലഭിച്ച ദേശമാണ് അനേകം മതവിശ്വാസം നിലനില്ക്കുന്ന ഭാരതം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ, വിവിധ സംസ്കാരവും വിവിധ മതവിശ്വാസവും നിലനില്ക്കുന്ന ഈ വിദൂരപ്രദേശം തോമ്മാശ്ലീഹായ്ക്കു ലഭിച്ചുതന്നെ മറ്റു ശിഷ്യന്മാരേക്കാൾ അദ്ദേഹത്തിനുള്ള ആത്മധൈര്യമായിരിക്കാം. ഏതു പ്രതിസന്ധിയും തരണം ചെയ്യുവാനുള്ള ധൈര്യവും ചങ്കുറപ്പുമുള്ള തോമ്മാശ്ലീഹായെ നിയോഗിച്ചത് മറ്റു ശിഷ്യർ അറിഞ്ഞുകൊണ്ടു തന്നെയായിരിക്കണം.

## സുവിശേഷ പ്രചാരണം

നിയോഗിക്കപ്പെട്ട സുവിശേഷപ്രചാരണരംഗങ്ങളിലേയ്ക്ക് എല്ലാവരും വളരെ വേഗംതന്നെ യാത്ര പുറപ്പെട്ടു. തനിക്കു ലഭിച്ചിരിക്കുന്ന മിഷൻ രംഗത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കിയ തോമ്മാശ്ലീഹാ ദുർഘടയാത്രയെക്കുറിച്ച് ചിന്തിച്ചിട്ടാവാം, യാത്ര പുറപ്പെടാൻ കുറച്ചു താമസിച്ചു എന്നു പറയപ്പെടുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ ദിവ്യനാഥൻ തോമ്മാശ്ലീഹായ്ക്ക് പ്രത്യക്ഷനായി. ഭാരതത്തിലേയ്ക്ക് പുറപ്പെടുവാൻ നിർദ്ദേശിക്കുകയും ചില വാഗ്ദാനങ്ങളാൽ അദ്ദേഹത്തെ ധൈര്യപ്പെടുത്തുകയും ചെയ്തു എന്നു വിശ്വസിക്കപ്പെടുന്നു.

## ഭാരതത്തിൽ

ഭാരതയാത്രയ്ക്കു മുൻപുതന്നെ തോമ്മാശ്ലീഹാ എത്യോപ്യ, പേർഷ്യ, മോദിയാ മുതലായ പല രാജ്യങ്ങളിലും സുവിശേഷപ്രഘോഷണം നടത്തി അനേകരെ ക്രിസ്തുമതാനുയായികളാക്കി. അദ്ദേഹത്തിന്റെ പ്രസംഗചാതുരിയും ലാളിത്യവും സ്നേഹമസൃണമായ പെരുമാറ്റവും അത്ഭുതപ്രവർത്തനങ്ങളും മൂലം അനേകരെ തന്നിലേയ്ക്ക് ആകർഷിക്കുവാൻ സാധിച്ചു. എന്നാൽ, ക്രിസ്തുമതത്തിലേയ്ക്കുള്ള ജനങ്ങളുടെ ഈ പ്രവാഹം ഗ്രഹിച്ച മറ്റു മതക്കാരായ ഒരു വിഭാഗത്തിന്റെ നിരന്തരമായ പീഡനങ്ങൾ അദ്ദേഹത്തിന് സഹിക്കേണ്ടിവന്നു. ഇതിനൊന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുവാനോ മങ്ങലേൽപ്പിക്കുവാനോ സാധിച്ചില്ല. മേൽപ്പറഞ്ഞ നാളുകളിലെ പ്രവർത്തനങ്ങൾക്കുശേഷം ഇന്ത്യയിലേയ്ക്കു യാത്ര പുറപ്പെടുവാൻ അദ്ദേഹം തീരുമാനിച്ചു. ഇങ്ങനെയിരിക്കെ അറേബ്യൻ നഗരവീഥിയിൽവച്ചു ഒരു ഇന്ത്യക്കാരനുമായി പരിചയപ്പെടുവാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. ഹാബാൻ എന്നു വിളിക്കപ്പെട്ടിരുന്ന അദ്ദേഹം ദക്ഷിണഭാരതത്തിലെ ചോഴരാജാവിന്റെ മന്ത്രിയായിരുന്നു.

അറേബ്യയിൽ അദ്ദേഹം എത്തിച്ചേർന്നത് രാജാവിന് അതിവിശിഷ്ടതരത്തിലുള്ള ഒരു അരമന പടുത്തുയർത്തുവാനേർവണ്ടി ഒരു ശില്പകലാ വിദഗ്ദനെ തരപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. ഏതോ ഒരു അപരിചിതനാണ്. തോമാശ്ലീഹാ ശില്പകലാവല്ലഭനാണെന്നു ബോധ്യപ്പെടുത്തി ഹാബാനു കാണിച്ചുകൊടുത്തത്. തന്റെ ഗുരുവിന്റെ വാഗ്ദാനം സ്മരിച്ച് ദൈവത്തിലാശ്രയിച്ച് ഹാബാനോടൊപ്പം തോമാശ്ലീഹാ കപ്പൽ കയറി ഭാരതത്തിലേക്ക് യാത്രയായി. എന്നാൽ, ഹാബാൻ ഭാരതീയനോ ചോഴരാജാവിന്റെ മന്ത്രിയോ അല്ല എന്നും ഒരു വിദേശവാണിജ്യശ്രേഷ്ഠൻ മാത്രമായിരുന്നു എന്നും, ഇന്ത്യയും അറേബ്യയുമായുള്ള വ്യാപാരബന്ധത്താൽ ഒരു ചരക്കുകപ്പലിൽ തോമാശ്ലീഹാ ഇന്ത്യയിൽ വന്നെത്തി എന്നും ചില ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. വസ്തുത എന്തായിരുന്നാലും തോമാശ്ലീഹാ ഭാരതത്തിൽ വന്നു എന്ന ചരിത്രയാഥാർത്ഥ്യത്തിന് രണ്ടുതരത്തിലുള്ള പാരമ്പര്യ വിശ്വാസവും പ്രസക്തി വർദ്ധിപ്പിക്കുകയാണ്.

## കൊടുങ്ങല്ലൂർ

എ.ഡി. 52-ൽ തോമാശ്ലീഹാ അന്ന് തെക്കേ ഇന്ത്യയിലെ തുറമുഖമായ കൊടുങ്ങല്ലൂർ എന്ന സ്ഥലത്ത് കപ്പലിറങ്ങിയതായി പറയപ്പെടുന്നു. അക്കാലത്ത് ദക്ഷിണേന്ത്യയിലെ പ്രസിദ്ധങ്ങളായ സാമ്രാജ്യങ്ങളായിരുന്നു ചേരം, ചോളം, പാണ്ഡ്യം എന്നീ മൂന്നു രാജ്യങ്ങൾ. മറ്റനേകം ചെറുരാജ്യങ്ങൾ സ്വതന്ത്രാധികാരത്തോടുകൂടി അന്നു ഭരണനിർവ്വഹണം നടത്തിയിരുന്നു. ഇതിൽ ചേരരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു കൊടുങ്ങല്ലൂർ. ശ്ലീഹാ കൊടുങ്ങല്ലൂരിൽവന്നിറങ്ങിയ ദിവസം ചേരരാജ്യാധിപൻ

പെരുമാളുടെ ഏകപുത്രിയുടെ വിവാഹം നടക്കുകയായിരുന്നു. ആ രാജ്യത്തുള്ള എല്ലാ പ്രജകളും വിവാഹാഘോഷത്തിൽ പങ്കെടുക്കണമെന്ന് രാജകല്പനയായിരുന്നു.

വിഭവസമൃദ്ധമായ സദ്യയും വിശിഷ്ടമായ കലാപരിപാടികളും വിവാഹാഘോഷങ്ങളുടെ ഭാഗമായിരുന്നു. എന്നാൽ, സ്വാദിഷ്ടമായ ഭക്ഷണത്തോടോ നയനാനന്ദകരമായ കലാവിരുന്നിനോടോ താത്പര്യം പ്രകടിപ്പിക്കാതെ, താൻ ഭരമേറ്റിരിക്കുന്ന ദൗത്യത്തിന്റെ പ്രസക്തിയെപ്പറ്റി ചിന്തിച്ചിട്ടാവാം, ധ്യാനനിരതനായിരുന്ന ഈ അതിഥിയുടെ നടപടികൾ വീക്ഷിച്ചിരുന്ന ഒരു രാജകിങ്കരൻ തോമാശ്ലീഹായെ മർദ്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. എന്നാൽ, തോമാശ്ലീഹാ അസ്വസ്ഥനാകാതെ, ദൈവം നിന്നോടു ക്ഷമിക്കട്ടെ എന്നു മാത്രം പറഞ്ഞു. തോമാശ്ലീഹാ ക്ഷമിച്ചുവെങ്കിലും പരസ്യമായി ചെയ്ത ഈ നീചകൃത്യത്തിന്റെ കാഠിന്യം മറ്റുള്ളവരെ മനസ്സിലാക്കുവാൻ ദൈവം നിശ്ചയിച്ചു. ഏതോ മഹത്തായ കാര്യം ചെയ്തു എന്ന ചിന്തയോടെ വിവാഹവേദിയിൽനിന്നും പുറത്തിറങ്ങി യാത്രയായ ആ മദ്യപനെ ദൈവം ഒരു പാഠം പഠിപ്പിക്കുകയായിരുന്നു. യാത്രാമദ്ധ്യേ ഒരു വന്യമൃഗം ആ ദുഷ്ടന്റെ മുൻപിൽ ചാടിവീണ് തോമാശ്ലീഹായെ മർദ്ദിക്കാനുപയോഗിച്ച കൈ കടിച്ചു ഛേദിച്ച് താഴെയിട്ടു. ഉടൻതന്നെ അയാൾ തോമാശ്ലീഹായുടെ അടുത്തു വരുകയും കുറ്റം ഏറ്റുപറഞ്ഞ് തന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഈ സമയത്തു തന്നെ, ഛേദിച്ച് എറിയപ്പെട്ട കൈ ഒരു ശ്വാനൻ കടിച്ചെടുത്ത് തോമാശ്ലീഹായുടെ മുമ്പിൽ കൊണ്ടുവന്നു സമർപ്പിച്ചു. ബഹുജനസമക്ഷംതന്നെ ക്ഷമായാചനം ചെയ്ത അയാളോട് തോമാശ്ലീഹായ്ക്ക് ദയതോന്നി. തുടർന്ന് മുട്ടിന്മേൽനിന്ന് ആകാശത്തേയ്ക്കു ദൃഷ്ടി തിരിച്ച് പ്രാർത്ഥിച്ചശേഷം ഛേദിക്കപ്പെട്ട കൈയെടുത്ത് ശരീരഭാഗത്തു വച്ച് സൗഖ്യമാക്കി.

ഈ സംഭവം അനേകമാളുകളിൽ വലിയ പരിവർത്തനമുണ്ടാക്കുകയും അവരെല്ലാവരും ഭയഭക്തിയോടെ തോമാശ്ലീഹായെ ആദരിക്കുകയും ചെയ്തു. രാജാവ് ചേരമാൻ പെരുമാൾ ഈ മഹാമനുഷ്യനെ രാജസന്നിധിയിൽ സ്വീകരിക്കുകയും ബഹുമാനിച്ച് ആദരിക്കുകയും ചെയ്തു. തോമാശ്ലീഹാ കുറച്ചുനാൾ കൊടുങ്ങല്ലൂരിൽ താമസിച്ച് സുവിശേഷവേല നിർവഹിച്ചശേഷം ചോഴരാജ്യത്തേയ്ക്ക് യാത്ര പുറപ്പെട്ടു. ചോഴരാജ്യാധിപനുവേണ്ടിയായിരുന്നു കൊട്ടാരനിർമ്മാണത്തിന് ഹാബാൻ ശില്പിയെന്ന നിലയിൽ തോമാശ്ലീഹായെ കൊണ്ടുവന്നത്. ഹാബാനോടൊപ്പം രാജസന്നിധിയിലെത്തിയ തോമാശ്ലീഹായെ രാജാവ് സ്വീകരിച്ച് മനോഹരമായ രമ്യഹർമ്മ്യ നിർമ്മാണത്തിനു വേണ്ട മനോഹാരിതയുടെ വിശദാംശങ്ങൾ വിവരിച്ചുകൊടുക്കുകയും ആയതിന്റെ ആവശ്യത്തിലേയ്ക്ക് വളരെ വലയൊരു തുക അനുവദിച്ചു കൊടുക്കുകയും ചെയ്തു. എന്നാൽ, ഈ തുകയത്രയും പാവപ്പെട്ടവർക്കായി അദ്ദേഹം പിന്നീട് ചെലവഴിച്ചു എന്നാണ് ഐതിഹ്യം.

ഏതാനും മാസങ്ങൾ ചോഴനാട്ടിൽ സുവിശേഷപ്രസംഗവും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിയും പാവങ്ങളെ സഹായിച്ചും കഴിഞ്ഞതിനുശേഷം ഉത്തരേന്ത്യയിലേക്കും അവിടെനിന്നും ചൈനയിലേക്കും അദ്ദേഹം യാത്ര ചെയ്ത് ദിവ്യനാഥന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ച് വീണ്ടും ചോഴനാട്ടിൽ മടങ്ങിയെത്തി. ഈ അവസരത്തിൽ കൊടുങ്ങല്ലൂർ രാജാവ് തന്റെ മരുമകനെ അയച്ച് തോമാശ്ലീഹായെ കൊടുങ്ങല്ലൂർക്കു ക്ഷണിച്ചു. അങ്ങനെ തോമാശ്ലീഹാ വീണ്ടും കൊടുങ്ങല്ലൂരിൽ വന്നുചേർന്നു.തോമാശ്ലീഹായുടെ സുവിശേഷപ്രസംഗങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ക്രിസ്തുവിനെ സംബന്ധിച്ച് കൂടുതൽ ഗ്രഹിച്ചശേഷം കൊടുങ്ങല്ലൂർ രാജാവ് കുടുംബസമേതം ക്രിസ്തുമതം സ്വീകരിച്ചു എന്നു പറയപ്പെടുന്നു. രാജകൊട്ടാരത്തിലെ വിവേകിയും ഭക്തനുമായ ഒരാൾക്ക് പൗരോഹിത്യ പദവി നൽകുകയും കേപ്പാ എന്ന് നാമകരണം ചെയ്യുകയുമുണ്ടായി എന്നും പറയപ്പെടുന്നു. രാജാവ് സ്വീകരിച്ച നാമം അന്ത്രയോസ് എന്നായിരുന്നു. അന്ത്രയോസ് രാജാവിന്റെ മരുമകനിയിരുന്നു പുരോഹിതനായി അവരോധിക്കപ്പെട്ട കേപ്പാ എന്നാണ് പാരമ്പര്യ വിശ്വാസം.

രാജാവും രാജകുടുംബം മുഴുവനും ക്രിസ്തുമതാനുയായികളായതോടെ കൊടുങ്ങല്ലൂർ രാജ്യത്തെ ആയിരക്കണക്കിന് പ്രജകൾ ക്രിസ്തുമതത്തിൽ ചേർന്നു. ഇവർക്കുവേണ്ടി അവിടെ ഏതാനും ദേവാലയങ്ങൾ നിർമ്മിക്കുകയും ആവശ്യത്തിനു വൈദീകരെ വാഴിക്കുകയും ചെയ്തു. രാജാവ് ക്രിസ്തുമതം സ്വീകരിച്ചതിൽ അമർഷം പൂണ്ട ചില ആളുകൾ നിരന്തരം പ്രതിഷേധമുയർത്തിയതിന്റെ ഫലമായി രാജാവ് സ്ഥാനമാനങ്ങളും അധികാരവും ഉപേക്ഷിച്ച് അനന്തരാവകാശിയെ ഭരണമേല്പിച്ച് ശിഷ്ടകാലം സമാധാനപൂർവ്വം ജീവിതം നയിച്ചു.

## ഏഴ് പള്ളികൾ

കൊടുങ്ങല്ലൂരെ സുവിശേഷപ്രചാരണവും മാനസാന്തര ്യപ്രവർത്തനങ്ങളും കഴിഞ്ഞ് തോമാശ്ലീഹാ കേരളത്തിൻെറ പല ഭാഗങ്ങളും ചുറ്റിസഞ്ചരിക്കുകയും അനേകം പ്രഭാഷണങ്ങളും അനവധി അത്ഭുതങ്ങളും നിർവ്വഹിക്കുകയും നിരവധി പേരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. തന്റെ വിശ്വസ്തശിഷ്യനും പൗരോഹിത്യ പദവിയിൽ പ്രവേശിച്ച ദേഹവുമായ കേപ്പായും അദ്ദേഹത്തോടൊപ്പം സഹായിയായി അനുയാത്ര ചെയ്തിരുന്നു. കേരളത്തിൽ അദ്ദേഹം ഏഴ് പള്ളികൾ സ്ഥാപിച്ചു എന്നാണ് പാരമ്പര്യ വിശ്വാസം. ആ ഏഴുപള്ളികൾ നിരണം, ചായൽ, കോക്കമംഗലം, കോട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ, കൊല്ലം ഈ സ്ഥലങ്ങളിലാണെന്നു പറയപ്പെടുന്നു. ഇതിനുപുറമേയും നിരവധി പ്രധാനകേന്ദ്രങ്ങളിൽ അദ്ദേഹം സുവിശേഷപ്രസംഗങ്ങൾ നടത്തുകയും അത്ഭുതങ്ങളും അടയാളങ്ങളും വഴി യേശുവിന് സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടുണ്ട്.

## കൊല്ലം.

തോമാശ്ലീഹാ സുവിശേഷപ്രചരണാർത്ഥം കൊല്ലം എന്ന തുറമുഖ നഗരത്തിൽ വന്നുചേർന്നു. ദക്ഷിണകേരളത്തിൽ വളരെ പ്രശസ്തമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു കൊല്ലം. ശ്ലീഹാ ഒരു വർഷക്കാലത്തോളം കൊല്ലത്തും പരിസരപ്രദേശങ്ങളിലുമായി നിരവധി പ്രസംഗങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും നടത്തി, അനേകം പേരെ ക്രിസ്തുനുയായികളാക്കി കൊല്ലത്ത് അദ്ദേഹം ഒരു കുരിശു സ്ഥാപിച്ചു. എല്ലാ സ്ഥലങ്ങളിലുമെന്നപോലെ കൊല്ലത്തും അദ്ദേഹത്തിന് ക്രിസ്തുമത വിരോധികളിൽ നിന്നും നിരവധി എതിർപ്പുകൾ സഹിക്കേണ്ടിവന്നു. എന്നാൽ ധീരനായ തോമാശ്ലീഹാ യേശുവിലുള്ള തന്റെ അചഞ്ചലമായ വിശ്വാസംമൂലം മനസ്ഥൈര്യം കൈവിടാതെ മുന്നോട്ടു നീങ്ങി. തന്റെ വിരോധികൾ തനിക്ക് അപകീർത്തി വരുത്തുവാൻ കരുതിക്കൂട്ടി നടത്തിയ ഒരു പൈശാചിക സംഭവം- ഐതിഹ്യം ഇപ്രകാരമാണ്. കൊല്ലത്ത് എത്തിച്ചേർന്ന തോമാശ്ലീഹായ്ക്ക് ജനങ്ങളിൽനിന്ന് അനുദിനം സഹകരണം ലഭിച്ചുകൊണ്ടിരിക്കുന്നതുകണ്ട് അസൂയപൂണ്ട ഒരു വിഭാഗം ഒരു കൊലപാതകക്കുറ്റം ശ്ലീഹായിൽ കെട്ടിവയ്ക്കാൻ പദ്ധതി ആസൂത്രണം ചെയ്തു. അവർ നിരപരാധിയായ ഒരു പൈതലിനെ കൊല ചെയ്ത ശേഷം ആ കൊലപാതകത്തിനുത്തരവാദി തോമാശ്ലീഹായാണെന്നു പ്രചരിപ്പിച്ച് അദ്ദേഹത്തെ നാട്ടുപ്രമാണിയുടെ സമക്ഷം കൊണ്ടുവന്നു. യാതൊരു ഭാവപകർച്ചയോ ഭയമോ പ്രകടിപ്പിക്കാതെ ശ്ലീഹാ അക്ഷോഭ്യനായി നിലകൊണ്ടു. വാദിഭാഗത്തിന്റെ ആരോപണങ്ങൾക്കുശേഷം മറുപടിക്ക് അവസരം ലഭിച്ച സന്ദർഭത്തിൽ ശ്ലീഹാ കുറ്റം നിഷേധിക്കുന്നതിനു പകരം ആ മൃതശരീരത്തെതന്നെ വിധിയാളനാക്കുവാനാണ് ഒരുങ്ങിയത്. തീക്ഷണമായി മനം നൊന്ത് പ്രാർത്ഥിച്ചശേഷം നിന്റെ ഘാതകൻ ആര് എന്ന് പറയുക. ദൈവനാമത്തിൽ നിന്നോടു ഞാൻ ആവശ്യപ്പെടുന്നു എന്ന് ആ മൃതശരീരത്തിൽ നോക്കി ശ്ലീഹാ പറഞ്ഞു. ഉടനെതന്നെ മൃതനായ ആ ശിശു എഴുന്നേല്ക്കുകയും തന്നെ കൊലചെയ്തത് തന്റെ പിതാവുതന്നെയാണെന്നും നിഷ്കളങ്കനായ ശ്ലീഹായുടെമേൽ കുറ്റമേല്പിക്കുവാൻ മനഃപൂർവ്വം ചെയ്തതാണെന്നും പറഞ്ഞു. ശിശുവിന്റെ വാക്കുകൾ കേട്ട മാത്രയിൽ അവിടെ കൂടിയിരുന്നവർ ശ്ലീഹായെ വന്ദിച്ചു. ഈ കപടനാടകത്തിലെ നടൻമാർ ഇളിഭ്യരായി സ്ഥലംവിട്ടു. ഈ സംഭവത്തോടുകൂടി തോമാശ്ലീഹായ്ക്ക് പതിന്മടങ്ങ് ആരാധകർ ഉണ്ടാവുകയും ചെയ്തു.

## നിരണം

കൊല്ലത്തുനിന്ന് തൃക്കൺപാലേശ്വരം എന്ന സ്ഥലത്ത് എത്തി സുവിശേഷപ്രചരണം നടത്തിയ ശ്ലീഹാ അവിടെ ഒരു കുരിശ് സ്ഥാപിച്ചു. തോമാശ്ലീഹാ അവിടെ നിന്നും യാത്രതിരിച്ച ഉടൻതന്നെ അവിടെ മതവിപ്ലവകാരികൾ വിപ്ലവമുണ്ടാക്കുകയും കുരിശിന്റെ പാവനത നഷ്ടപ്പെടുത്തുകയും അതു നശിപ്പിക്കുകയും ചെയതു. ഇതറിഞ്ഞ് സ്ഥലത്തെത്തിയ ശ്ലീഹാ ആ സ്ഥലത്തെ ശപിക്കുകയും കുരിശ് അവിടെ നിന്നെടുത്ത് നിരണത്ത് കൊണ്ടുവന്നു് പൂജ്യമായി സ്ഥാപിക്കുകയും ചെയ്തു. നിരണം അന്നും പ്രസിദ്ധമായ ഒരു സ്ഥലമായിരുന്നു. കച്ചവടപ്രാധാന്യമുള്ള സ്ഥലം, പ്രശസ്തരായ കവികൾ വസിച്ചിരുന്ന സ്ഥലം എന്നെല്ലാമുള്ള പ്രാധാന്യത്തിന് ആധാരമായ ചരിത്രരേഖകൽ നിരണത്തെക്കുറിച്ച് നമുക്ക് കാണുവാൻ സാധിക്കും.

## ചായൽ

തോമാശ്ലീഹാ സുവിശേഷപ്രചാരണാർത്ഥം പിന്നീട് എത്തിച്ചേർന്നത് മലമ്പ്രദേശമായ ചായൽ അഥവാ നിലയ്ക്കൽ എന്ന സ്ഥലത്താണ്. അക്കാലത്ത് പാണ്ടിദേശക്കാരുടെ ഒരു വാണിജ്യകേന്ദ്രമായിരുന്നു ഈ പ്രദേശം. ഈ സ്ഥലത്തും തോമാശ്ലീഹാ നിരവധിപേരെ ജ്ഞാനസ്നാനപ്പെടുത്തുകയും അവർക്കായി

അവിടെ ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഈ പ്രദേശത്തിന്റെ പ്രാധാന്യം ക്രമേണ കുറഞ്ഞ് അവിടെയുള്ള കുടുംബങ്ങൾ അധികവും കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിലേയ്ക്ക് താമസം മാറുകയായിരുന്നു. ഈ അടുത്ത കാലത്തായി വിവിധ ക്രൈസ്തവസഭകൾ ഒത്തുചേർന്ന് നിലയ്ക്കലിൽ ഒരു എക്യുമെനിക്കൽ സെന്റർ ആരംഭിച്ചിട്ടുണ്ട്.

### കോക്കമംഗലം

നിരണത്തെ പ്രവർത്തനങ്ങളും കുരിശുസ്ഥാപനവും കഴിഞ്ഞ് അപ്പസ്തോലൻ വടക്കപടിഞ്ഞാറ് ഭാഗം ലക്ഷ്യമാക്കി സഞ്ചരിച്ച് കോക്കമംഗലം എന്ന സ്ഥലത്ത് എത്തിച്ചേർന്നു. ബ്രാഹ്മണർ തിങ്ങിപ്പാർത്തിരുന്ന ഈ സ്ഥലത്തും തോമാശ്ലീഹാ സുവിശേഷപ്രസംഗങ്ങളും അത്ഭുതപ്രവൃത്തിയുംവഴി അനവധിയാളുകളെ ക്രിസ്തുമതത്തിൽ ചേർക്കുകയുണ്ടായി. അവിടെയും അദ്ദേഹം ഒരു കുരിശു സ്ഥാപിച്ചു.

### കോട്ടക്കാവ്

കോക്കമംഗലത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുശേഷം തോമാശ്ലീഹാ കോട്ടക്കാവ് എന്ന സ്ഥലത്ത് എത്തിച്ചേർന്നു. അവിടുത്തെ പ്രവർത്തനങ്ങളിൽ മതവിരോധികളായി നിരവധിപേരുടെ എതിർപ്പിനെ നേരിടേണ്ടിവന്നു. ക്രിസ്തുമതത്തിനുണ്ടാകുന്ന വളർച്ചയിൽ അസൂയാലുക്കളായ ഏതാനുംപേർ അദ്ദേഹത്തിന്റെ പ്രസംഗത്തിനു തടസ്സം സൃഷ്ടിക്കുകയും അദ്ദേഹത്തെ കല്ലെറിയുകയും ചെയ്തു. ഇങ്ങനെയുള്ള അവസരത്തിൽ അതിഭയങ്കരമായ ഒരു കൊടുങ്കാറ്റ് ആഞ്ഞടിക്കുകയും പ്രതിയോഗികൾ നിലംപതിക്കുകയും ചെയ്തു. ജനങ്ങൾ ഭയവിഹ്വലരായി. ഈ സന്ദർഭത്തിൽ ശ്ലീഹായുടെ വിരോധികൾ അദ്ദേഹത്തിന്റെ അടുത്തുവന്ന് ക്ഷമായാചനം ചെയ്യുകയുണ്ടായി. ഉടനെതന്നെ ശ്ലീഹാ കരങ്ങളുയർത്തി ആശീർവദിച്ച് കാറ്റിനെ ശാന്തമാക്കി. ഒരു വർഷത്തോളം അവിടെ താമസിച്ചശേഷം പാലയൂർ എന്ന ഗ്രാമത്തിലേക്ക് അദ്ദേഹം യാത്രയായി.

### പാലയൂർ

കേരളത്തിന്റെ വടക്കൻദേശത്തുള്ള പാലയൂരിൽ തോമാശ്ലീഹാ തന്റെ ദൗത്യവുമായി എത്തിച്ചേർന്നു. ബ്രാഹ്മണകുടുംബങ്ങളായിരുന്നു ഈ പ്രദേശങ്ങളിൽ അധികവും. അവിടെയും പ്രസംഗങ്ങളും അത്ഭുതങ്ങളുംവഴി അനേകരെ സത്യവിശ്വാസത്തിലേയ്ക്ക് നയിക്കുവാൻ തോമാശ്ലീഹായ്ക്ക് സാധിച്ചു. അദ്ദേഹം പ്രവർത്തിച്ച അത്ഭുതങ്ങളിലൊന്ന് വളരെ പ്രസിദ്ധമാണ്. ഒരു കുളത്തിലിറങ്ങി നിന്ന് തോമാശ്ലീഹാ പ്രാർത്ഥിച്ചശേഷം കൈക്കുമ്പിളിൽ ജലമെടുത്ത് മേല്പോട്ടെറിഞ്ഞു. ആ ജലകണങ്ങൾ അന്തരീക്ഷത്തിൽ നിൽക്കുന്നതും ജലമെടുത്ത സ്ഥാനമത്രയും ഒരു കുഴിയായതും കാണിച്ചു കൊടുത്തു. ഇതുമൂലം അവിടെ സന്നിഹിതരായിരുന്നവരത്രയും ക്രിസ്തുമതാനുയായികളായി. അന്ന് വിശ്വാസം സ്വീകരിച്ചവരിൽപ്പെട്ട ബ്രാഹ്മണകുടുംബങ്ങളാണ് കാളികാവ്, ശങ്കരപുരി, പകലോമറ്റം മുതലായ കുടുംബങ്ങൾ.
കേരളത്തിലെ സുദീർഘമായ സുവിശേഷപ്രസംഗ പ്രചരണവും ക്ലേശപൂർണ്ണമായ യാത്രകളും അത്ഭുതപ്രവർത്തനങ്ങളും പള്ളിസ്ഥാപനവുമെല്ലാം പൂർത്തിയാക്കി ശ്ലീഹാ വീണ്ടും ചോഴനാട്ടിലേയ്ക്ക് യാത്രയായി. അവിടുത്തെ പ്രധാനസ്ഥലങ്ങളിൽ സുവിശേഷപ്രചരണം ആരംഭിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ ശ്ലീഹാ തന്റെ രാജ്യത്ത് എത്തിച്ചേർന്ന വിവരമറിഞ്ഞ് രാജാവ് ആളയച്ച് അദ്ദേഹത്തെ വിളിച്ചുവരുത്തി കൊട്ടാരം പണിയെപ്പറ്റി അന്വേഷിച്ചു.

എന്നാൽ ലേശവും ഭയപ്പെടാതെ ശ്ലീഹാ പറഞ്ഞു. രാജാവ് തന്ന തുക തീർന്നുപോയി എന്നും അത് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുവെന്നും. എന്നാൽ, തോമാശ്ലീഹായുടെ മറുപടികേട്ട് കുപിതനായ രാജാവ് തോമാശ്ലീഹായെ നിഷ്കരുണം കാരാഗൃഹവാസത്തിനയയ്ക്കുകയായിരുന്നു. തോമാശ്ലീഹായെ സംബന്ധിച്ചിടത്തോളം കാരാഗൃഹവാസവും ആനന്ദപ്രദമായിരുന്നു. നാഥനുവേണ്ടി മരിക്കുവാൻ തയ്യാറായി പ്രവർത്തിക്കുന്ന ശ്ലീഹാ സന്തോഷവാനായും പ്രാർത്ഥനാനിരതനായും കാരാഗൃഹത്തിൽ കഴിഞ്ഞുകൂടി. ആ ഇടയ്ക്ക് രാജാവിന്റെ സഹോദരൻ ആകസ്മികമായി നിര്യാതനാവുകയുണ്ടായി. സഹോദരന്റെ നിര്യാണത്തോടനുബന്ധിച്ചു നടന്ന ചില അത്ഭുതങ്ങൾ നല്കിയ സൂചനകളനുസരിച്ച് രാജാവ് തോമാശ്ലീഹായെ ബന്ധനവിമുക്തനാക്കുകയും അദ്ദേഹത്തോട് ക്ഷമായാചനം ചെയ്ത് കൊട്ടാരത്തിൽ സ്വീകരിച്ച് ബഹുമാനിക്കുകയും ചെയ്തു. അനന്തരം ശ്ലീഹാ ചോഴനാട്ടിൽ അങ്ങോളമിങ്ങോളം സുവിശേഷപ്രചാരണം നിർവ്വഹിച്ചു.

## മലയാറ്റൂർ

വലിയ നോമ്പുകാലത്തും തുടർന്ന് പുതുഞായറാഴ്ചയും അനേകായിരം തീർത്ഥാടകരെയും തോമാശ്ലീഹായുടെ ഭക്തരേയും ആകർഷിക്കുന്ന ഒരു തീർത്ഥാടനകേന്ദ്രമാണ് മലയാറ്റൂർ. തോമാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗൃഹീതരായ ഈ പുണ്യസ്ഥലത്ത് എത്തിച്ചേർന്ന് ഭക്തിപൂർവ്വം മലകയറി പ്രാർത്ഥിക്കുന്നവർക്ക് നിരവധിയായ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരുന്നു വർഷംതോറും വർദ്ധിച്ചുവരുന്ന ഭക്തജനപ്രവാഹംതന്നെ ഇതിനു തെളിവാണ്. മല അടിവാരത്തുനിന്നും കുരിശിന്റെ വഴി കഴിച്ച് മലമുകളിലെത്തി പ്രാർത്ഥിക്കുന്നതുവഴി ഒരു വലിയ പാപപരിഹാരക്രിയയും ദിവ്യനാഥന്റെ പീഡാസഹനത്തിലുള്ള നമ്മുടെ പങ്കുചേരലും സാധിക്കുന്നു. ഈശോയെ അത്യധികം സ്നേഹിച്ച് സേവനം ചെയ്തു വി. തോമാശ്ലീഹായോടുള്ള നമ്മുടെ ഭക്തി പ്രകടിപ്പിക്കുവാൻ ഏറ്റം അനുയോജ്യമായ ഈ അനുഷ്ഠാനങ്ങൾ എല്ലാ വർഷവും നിർവ്വഹിക്കാൻ നമ്മുക്ക് ശ്രമിക്കാം.

ചോഴനാട്ടിൽ പര്യടനം പൂർത്തിയാക്കിയ തോമാശ്ലീഹാ വീണ്ടും കേരളത്തെ ലക്ഷ്യംവച്ച് മലമ്പ്രദേശങ്ങളിൽകൂടി യാത്ര തിരിച്ചു. ഈ യാത്രയ്ക്കിടയിലാണ് തോമാശ്ലീഹാ മലയാറ്റൂരിൽ വിശ്രമിച്ചതും അവിടെ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതും. ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ആകൃഷ്ടരായി അത്ഭുതങ്ങൾക്ക് ദൃക്സാക്ഷികളായി സത്യവേദത്തിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരുന്ന ജനസമൂഹത്തെ കണ്ട് മതവിരോധികൾ ശ്ലീഹായ്ക്കെതിരായി പിറുപിറുക്കാനും ദുഷ്പ്രചരണം നടത്തുവാനും തുടങ്ങി. തോമാശ്ലീഹാ മലമുകളിലെ ഒരു പാറപ്പുറത്ത് ദീർഘനേരം മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു. പ്രാർത്ഥനാന്തരം അദ്ദേഹം പാറപ്പുറത്ത് സ്വന്തം വിരൽകൊണ്ട് കുരിശടയാളം വരച്ചു. പിന്നീട് ഈ സ്ഥലത്ത് ഒരു സ്വർണ്ണക്കുരിശ് മുളച്ചു വന്നു എന്നു പറയപ്പെടുന്നു. ഇക്കാരണത്താലായിരിക്കണം മലയാറ്റൂർ പൊന്നുംകുരിശു മുത്തപ്പൻ എന്ന് തോമാശ്ലീഹായെ വിളിക്കുന്നത്.

തോമാശ്ലീഹാവഴി ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിൽതന്നെ വിശ്വാസദീപം തെളിക്കപ്പെട്ട ഈ ഭാരതമണ്ണിൽ പ്രത്യേകിച്ച് കേരളത്തിൽ അനേകം പള്ളികൾ ഇന്ന് വി.തോമാശ്ലീഹായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ വിശുദ്ധന്റെ നാമത്തിലുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും നിരവധിയാണ്, തോമസ് എന്ന നാമം സ്വീകരച്ചിട്ടുള്ളവരും ധാരാളമാണ്. തോമസ്, തൊമ്മൻ, തോമ്മാ, ടോം, ടോമി എന്ന പല പേരുകൾ ഇന്ന് പ്രചാരത്തിലുണ്ട്.

## അന്ത്യദിനങ്ങൾ

കേരളത്തിലെ, ദീർഘമായ 20 സംവത്സരങ്ങളിലെ സുവിശേഷ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തോമാശ്ലീഹാ അന്ന് പാണ്ടിദേശം എന്നറിയപ്പെടുന്ന ഇന്നത്തെ തമിഴ്നാട് സംസ്ഥാനത്തേയ്ക്ക് യാത്രയായി. നിസ്വാർത്ഥവും ആത്മാർത്ഥവും സ്തുത്യർഹവുമായ പ്രവർത്തനങ്ങളിലൂടെ ഇതിനോടകം ജനശ്രദ്ധപിടിച്ചു പറ്റിയ തോമാശ്ലീഹായെ ആത്മാർത്ഥമായി സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന ഒരു വലിയ സമൂഹം ആളുകൾ ഉണ്ടായിരുന്നു എന്നാൽ അദ്ദേഹത്തിന് ശത്രുക്കളും കുറവല്ലായിരുന്നു. ശത്രുതാമനോഭാവത്തോടുകൂടി തോമാശ്ലീഹായെ വീക്ഷിച്ചിരുന്നവർ അദ്ദേഹത്തെ വകവരുത്തുവാൻ തക്കം പാർത്തുകൊണ്ടിരുന്നു. അദ്ദേഹത്തോട് മതിപ്പും ബഹുമാനവുമുള്ള സമൂഹത്തിൽനിന്ന് വിട്ടുകിട്ടാൻ തക്കംപാർത്തിരുന്ന വൈരികൾക്ക് പാണ്ടിദേശത്തെ അദ്ദേഹത്തിന്റെ ആഗമനം അവസരമായി കണ്ടിരിക്കാം.

സുവിശേഷപ്രചാരണാർത്ഥം ചോഴനാട്ടിൽപ്പെട്ട മൈലാപ്പൂർ എന്ന സ്ഥലത്ത് തോമാശ്ലീഹാ ഏതാനുംനാൾ താമസിച്ചിരുന്നു. അവിടെയും അദ്ദേഹത്തിന് മിത്രങ്ങളേക്കാൾ ശത്രുക്കൾ അധികമായിരുന്നു. ഇക്കാലഘട്ടമായപ്പോഴേക്കും പ്രായാധിക്യംമൂലമുള്ള ക്ഷീണം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ ക്ഷീണം തെല്ലും വകവയ്ക്കാതെ തന്നാലാവുംവിധം ബുദ്ധിമുട്ടുകൾ സഹിച്ച് ദൗത്യം പൂർത്തിയാക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. സാധിക്കുന്ന വിധത്തിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തി അദ്ദേഹം ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു.

അങ്ങനെയുള്ള അദ്ദേഹത്തിന്റെ പര്യടനത്തിന്റെ ഒരവസരത്തിൽ ശത്രുക്കളുടെ സങ്കേതത്തിൽ ചെന്നുപെടുവാൻ ഇടയായി കിട്ടിയ അവസരം മുതലെടുക്കുവാൻ ക്രിസ്തുമതവിരോധികളായ ആ കശ്മലന്മാർ തീരുമാനിച്ചു. അവർ സംഘംചേർന്ന് ചുറ്റുംകൂടി തടഞ്ഞുനിർത്തി ക്രിസ്തുമതവിശ്വാസത്തിന് നിരക്കാത്ത ചില പ്രവർത്തികൾ ചെയ്യുവാൻ തോമാശ്ലീഹായെ നിർബന്ധിച്ചു. യേശുദേവനെ തള്ളിപ്പറഞ്ഞ്, അവരുടെ ദൈവത്തെ ആരാധിക്കാതെ ഒരടി മുന്നോട്ടു പോകാൻ സാധ്യമല്ല എന്നവർ താക്കീതു നല്കി.

അസഭ്യവാക്കുകൾകൊണ്ട് അദ്ദേഹത്തെ അവർ ശ്വാസം മുട്ടിച്ചു. സഹികെട്ട ശ്ലീഹാ അവസാനം കുരിശടയാളം വരച്ച് തീക്ഷണമായി പ്രാർത്ഥിച്ചു. തൽക്ഷണം ഭയങ്കരമായ അഗ്നിബാധയുണ്ടാവുകയും തന്നെ തടഞ്ഞ് അസഭ്യവർഷം ചൊരിഞ്ഞവരുടെ പ്രാർത്ഥനാലയം അഗ്നിക്കിരയാവുകയും ചെയ്തു. ഈ സംഭവത്തോടുകൂടി ശത്രുക്കൾ പ്രാണരക്ഷാർത്ഥം സ്ഥലത്തുനിന്നും ഓടി രക്ഷപ്പെട്ടു. അപ്പോസ്തോലൻ തെല്ലും ഭയപ്പെടാതെ ദൗത്യം തുടർന്നുകൊണ്ടിരുന്നു.

## രക്തസാക്ഷി

കാലം പിന്നെയും കടന്നുപോയി. ശത്രുക്കൾ കൂടുതൽ ശക്തി സംഭരിച്ച് രാവും പകലും വീക്ഷിച്ച് എങ്ങനെയും അദ്ദേഹത്തെ വധിക്കുവാൻ പ്ലാൻ ചെയ്തുകൊണ്ടിരുന്നു. ഏതു ശത്രുവിനെയും നിഷ്പ്രയാസം തോല്പിക്കുവാൻ തക്ക ദൈവീകമായ പിൻബലം അദ്ദേഹത്തിനുണ്ടെങ്കിലും ഇനി അതിനു മുതിരേണ്ട, സമയം സമാഗതമായി, തന്റെ ദൗത്യം പൂർത്തിയായി എന്ന ചിന്ത അദ്ദേഹത്തിൽ കടന്നുകൂടി. ദൈവം അനുവദിക്കുമെങ്കിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതിന് രക്തസാക്ഷിത്വം വരിച്ച് സ്വർഗ്ഗീയാനന്ദം അനുഭവിക്കാൻ ഇനി വൈകേണ്ടതില്ല. അതിനു തന്നെ അനുവദിക്കണമെന്ന് അദ്ദേഹം പ്രാർത്ഥിച്ചു. സുവിശേഷപ്രചാരണയാത്രകൾ കുറച്ച് പ്രാർത്ഥനയ്ക്ക് അദ്ദേഹം കൂടുതൽ സമയം ചെലവഴിച്ചു. പ്രാർത്ഥനയിലൂടെ സ്വർഗ്ഗീയനാഥനുമായി അദ്ദേഹം നിരന്തരം ബന്ധം പുലർത്തിയിരുന്നു. സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് പ്രവേശിക്കുവാനുള്ള സമയം സമാഗതമായി എന്ന ചിന്ത അദ്ദേഹത്തെ സന്തോഷചിത്തനാക്കി.

മൈലാപൂരിലെ ചിന്നമലയിൽ സ്ഥാപിച്ച കുരിശിൻചുവട്ടിൽ സാഷ്ടാംഗം പ്രണമിച്ച് നിരന്തരം അദ്ദേഹം പ്രാർത്ഥനയിൽ ലയിച്ചു. അവസാനം ഭക്ഷണവും മറ്റും ഉപേക്ഷിച്ച് രാപകൽ പ്രാർത്ഥിച്ച് കുരിശിൻ ചുവട്ടിൽതന്നെ സമാധിയിൽ ലയിച്ചു. ഈ തക്കം മുതലെടുത്ത് ക്രൂരന്മാരായ ശത്രുക്കൾ കുന്തംകൊണ്ട് മാരകമാംവിധം അദ്ദേഹത്തെ കുത്തിയശേഷം ഓടിമറഞ്ഞുകളഞ്ഞു. താമസംവിനാ ആ പാവനാത്മാവ് സ്വർഗ്ഗപിതാവിന്റെ പക്കലേയ്ക്ക് പറന്നുയർന്നു. ഇതുസംഭവിച്ചത് എ.ഡി. 72 ജൂലൈ 3-ാം തീയതിയായിരുന്നു. അങ്ങനെ തന്റെ ഓട്ടം പൂർത്തിയാക്കി വിശ്വാസം സംരക്ഷിച്ചുകൊണ്ട് അഭിലഷിച്ചവിധം തന്നെ രക്സസാക്ഷിയായി ഈ ലോകത്തോടു യാത്രപറയുവാനുള്ള അനുഗ്രഹം ദൈവം അദ്ദേഹത്തിനു നൽകി.

തോമാശ്ലീഹായുടെ മരണവാർത്ത ഞെട്ടലോടെയും അത്യന്തം ദുഃഖത്തോടെയുമാണ് ക്രൈസ്തവർ ശ്രവിച്ചത്. ഒരു വലിയ ജനാവലി ചിന്ന മലയിലെത്തിച്ചേർന്ന് പൂജ്യശരീരം വണങ്ങുകയും സംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. മൈലാപ്പൂർ ദേവാലയത്തിൽ വളരെ പൂജ്യമായി ആ തിരുമേനി അടക്കം ചെയ്തു. അന്നുമുതൽ നിരവധി അത്ഭുതങ്ങൾ അവിടെ ഉണ്ടായിക്കൊണ്ടിരുന്നു, മൈലാപ്പൂരിലും ചിന്നമലയും സന്ദർശിച്ചു പ്രാർത്ഥിക്കുവാൻ ഭക്തജനപ്രവാഹമായി. കുന്തത്താലുള്ള കുത്ത് ഏല്ക്കുമ്പോൾ തോമാശ്ലീഹാ ആശ്ലേഷിച്ചിരുന്ന ചിന്നമലയിലെ കുരിശ് മൈലാപ്പൂർ ദേവാലയത്തിൽ സൂക്ഷിക്കുകയായിരുന്നു. മാതാവിന്റെ തിരുനാൾ ദിനത്തിൽ പ്രസ്തുതകുരിശിൽ നിന്നും രക്തം പ്രവഹിക്കുമായിരുന്നു.

തോമാശ്ലീഹായുടെ ഘാതകരിലൊരുവന്റെ പുത്രന് ആ ദിവസങ്ങളിൽ തന്നെ അതിഭയങ്കരമായ രോഗം പിടിപെട്ട് മരണത്തോട് മല്ലടിക്കുകയായിരുന്നു. മകന്റെ ദീനം തന്റെ കഠോരപ്രവൃത്തിയുടെ ഫലമാണെന്ന് മനസ്സിലാക്കിയ അയാൾ പുത്രനെ എടുത്തുകൊണ്ടുവന്നു കല്ലറയിൽ മുട്ടിച്ച് പ്രാർത്ഥിക്കുകയും ചെയ്തു തെറ്റിന് മാപ്പപേക്ഷിക്കുകയും ചെയ്തു. കല്ലറയ്ക്കു മുകളിലെ മണ്ണുവാരി രോഗിയുടെ ദേഹത്ത് തീക്ഷണമായ വിശ്വാസത്തോടുകൂടി പിതാവ് പൂശി. തൽക്ഷണം രോഗം നിശേഷം വിട്ടുമാറുകയും കൃതജ്ഞതയർപ്പിച്ച് രണ്ടുപേരും സന്തോഷത്തോടെ മടങ്ങുകയും ചെയ്തു. തോമാശ്ലീഹായുടെ ഭൗതീകാവശിഷ്ടം നാലാം നൂറ്റാണ്ടിൽ മൈലാപൂരിൽ നിന്നും എദ്ദേസായിലേക്ക കൊണ്ടുപോയെന്നും പിന്നീട് ഇറ്റലിയിലെ ഒർട്ടോണാ എന്ന സ്ഥലത്തേയ്ക്ക് മാറ്റിയെന്നുമാണ് പാരമ്പര്യ വിശ്വാസം. 1972ൽ തോമാശ്ലീഹായുടെ 19-ാം ചരമശതാബ്ദി ആഘോഷിച്ച അവസരത്തിൽ ആറാം പൗലോസ് മാർപ്പാപ്പ അദ്ദേഹത്തെ ഭാരത അപ്പസ്തോലൻ എന്നു പ്രഖ്യാപിക്കുകയുണ്ടായി.

## ഉപസംഹാരം

ഈ ഭാരതമണ്ണിൽ വിശ്വാസത്തിന്റെ വിത്തുപാകിയ വിശുദ്ധ തോമാശ്ലീഹായോടു നാം കടപ്പെട്ടിരിക്കുന്നു.

യേശുവിന്റെ അരുമശിഷ്യനും നമ്മുടെ പിതാവുമായ മാർ തോമാശ്ലീഹായോടു നമുക്ക് മദ്ധ്യസ്ഥം അപേക്ഷിക്കാം. മദ്ധ്യസ്ഥം അപേക്ഷിക്കുന്നതിനുമുമ്പായി അദ്ദേഹത്തോടു മാപ്പപേക്ഷിക്കുകയാണ് നാം ചെയ്യേണ്ടത്. സുദീർഘമായ കാലഘട്ടം യാതനകളനുഭവിച്ച് ഈ ഭാരതഭൂവിൽ വിശ്വാസദീപം തെളിക്കുകയും പള്ളികൾ സ്ഥാപിക്കുകയും പതിനായിരങ്ങളെ ജ്ഞാനസ്നാനപ്പെടുത്തി സഭാസമൂഹത്തിന് അടിത്തറയുറപ്പിക്കുകയും ചെയ്തശേഷം ഇവിടെവച്ചുതന്നെ രക്തസാക്ഷിത്വം വരിച്ച് സ്വർഗ്ഗീയ ഓർശ്ലത്തേക്കു പ്രവേശിച്ച തോമാശ്ലീഹായോടു നീതി പുലർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസചൈതന്യത്തിൽ നിന്നും കൂട്ടായ്മയിൽനിന്നുമെല്ലാം നാമിന്ന് അകന്നു കഴിയുന്നു. ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വിശിഷ്ടവ്യക്തിത്വത്തിനുടമയായ ദൈവപുത്രൻ യേശുനാഥന്റെ സത്യസഭയിൽ ജനിച്ചതുകൊണ്ടു മാത്രമായില്ല. നാഥനു സാക്ഷികളാകുവാൻ ജീവിതമാതൃകവഴി മറ്റു മതസ്ഥർക്കു മാർഗ്ഗദർശനം നല്കുവാനും നമുക്കിന്നു സാധിക്കുന്നുണ്ടോ? നമ്മിൽ പലരും സന്മാതൃകയ്ക്കു പകരം ദുർമാതൃകയല്ലേ ഇന്നു സമൂഹത്തിൽ കാട്ടിക്കൊടുക്കുന്നത്.

'ഞാൻ ക്രിസ്തുവിനെ ബഹുമാനിക്കുന്നു, ക്രിസ്ത്യാനികളെ വെറുക്കുന്നു' എന്നു ഗാന്ധിജിപോലും പറയുവാനുണ്ടായ കാരണമെന്താണ്? യേശുവിന്റെ പ്രബോധനങ്ങളും ജീവിതമാതൃകയും പ്രാവർത്തികമാക്കുന്നതിൽ സ്വന്തജനം തന്നെ പരാജയപ്പെട്ടതാണ് കാരണമെന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇരുപതു നൂറ്റാണ്ടു പിന്നിടുന്ന നമുക്ക് അഭിമാനിക്കത്തക്ക പുരോഗതി കൈവരുത്തുവാൻ സാധിക്കുന്നുണ്ടോ? കേവലം രണ്ടു ശതമാനത്തിൽ ഒതുങ്ങിനില്ക്കുന്നതിന്റെ കാരണത്തെപ്പറ്റി സഭയെ നയിക്കുന്നവരും നയിക്കപ്പെടുന്നവരും ഇത്തരുണത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

വിശുദ്ധ തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ